# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 654 12.07.2012 -ലെ മറുപടി

**കെ.എസ്.ആർ.ടി.സി. യെ ലാഭകരമാക്കുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>" എം. ഹംസ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. സി. കൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി Varma & Varma എന്ന ഏജൻസിയെ കൊണ്ട് വിശദമായ പഠനം നടത്തുകയുണ്ടായി. ഏജൻസി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം നഷ്ടം കുറയ്ക്കുന്നതിന് 13 ഇന നിർദ്ദേശങ്ങളാണ് പ്രധാനമായുള്ളത്. ഈ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.<br>റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസ് കാര്യക്ഷമ മാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഇത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്.<br>കെ.എസ്.ആർ.ടി.സി. ബസ്സുകളെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി GPS സംവിധാനം ഏർപ്പെടുത്തുന്നതിന് ചിലവാകുന്ന തുകയുടെ 50% കേന്ദ്രവിഹിതമായി ലഭ്യമാകുന്നുണ്ട്. ഈയിനത്തിൽ രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക GPS സംവിധാനം എല്ലാ ബസ്സുകളിലും നടപ്പാക്കുന്നതിന് പര്യാപ്തമല്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനായി 1,000 കോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കേന്ദ്രമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവെങ്കിലും, ഇത്തരത്തിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പദ്ധതികളൊന്നും നിലവിൽ നടപ്പാക്കുന്നില്ലെന്ന് കേന്ദ്രം അറിയിക്കുകയുണ്ടായി. |
| (ഡി) | കെ.എസ്.ആർ.ടി.സി. യെ ലാഭകരമായ പൊതുമേഖലാ സ്ഥാപനമാക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കുന്നതിനും, ലാഭകരമാക്കുന്നതിനുമായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വേണ്ടി സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. വിശദാംശം 'എ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

➤ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നു.

1. കെ.എസ്.ആർ.ടി.സി. യുടെ അധീനതയിലുള്ള സ്ഥലത്തിന് ബുക്ക് വാല്യൂ മാത്രമാണ് ആസ്തിയായി കാണിക്കാൻ സാധിക്കുന്നത്. ആർ.ടി.സി. ആക്ട് 1950-ലെ ഇതുസംബന്ധിച്ചുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് യഥാർത്ഥ മാർക്കറ്റ് വില ആസ്തിയായി കാണിക്കുന്നത് മൂലം കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ച് കാണിക്കുന്നതിനും ആസ്ഥി - ബാദ്ധ്യതാ അനുപാതം ഉയർത്താനും സാധിക്കും.
2. സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിരിക്കുന്ന 490.50 കോടി രൂപയുടെ വായ്പ ഇക്വിറ്റിയായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കണം. ഒപ്പം കെ.ടി.ഡി.എഫ്.സി. യിൽ നിന്നും വാങ്ങുന്ന വായ്പയുടെ പലിശ നിരക്ക് രണ്ട് ശതമാനം എങ്കിലും കുറയ്ക്കണം. അന്താരാഷ്ട്ര മുൻനിര ബാങ്കുകൾ ആയ World Bank, Asian Development Bank, Japan Bank of International Co-operation തുടങ്ങിയവയിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ലോൺ ലഭ്യമാക്കണം.
3. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായി, സർക്കാർ ഗ്രാന്റ് / സബ്സിഡി ലഭ്യമാക്കണം.
4. സർക്കാർ അനുവാദത്തോടുകൂടി ഉയർന്ന നിരക്കിലുള്ള ടിക്കറ്റുകൾക്ക് Cess ഏർപ്പെടുത്തുക.
5. മനുഷ്യപ്രയത്നവും, തൊഴിലാളി - ബസ് അനുപാതവും പരിശോധനയ്ക്ക് വിധേയമാക്കുക. ആകർഷകമായ വി.ആർ.എസ് നടപ്പാക്കുക.
6. മാനേജ്മെന്റിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുക.
7. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുക. ഇതിനായി ഓരോ തലത്തിലും കി.മീറ്റർ പ്രതി വരുമാനം, ബസ് പ്രതി വരുമാനം, കി.മീറ്റർ പ്രതി ഡീസൽ, ബസ് പ്രതി ജീവനക്കാർ എന്നിവ കണക്കാക്കി ബഡ്ജറ്റും ലക്ഷ്യവും കണക്കാക്കുക.
8. ദീർഘദൂര സർവ്വീസുകൾ ആകെയുള്ള ബസ്സുകളുടെ 22% എന്നത് വർദ്ധിപ്പിച്ച് 50% ആക്കുക. ബസ് പ്രതി യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക. On-line, Mobile ബുക്കിംഗ് സമ്പ്രദായം കാര്യക്ഷമവും സാർവ്വത്രികവുമാക്കുക.
9. ബസ്സുകളുടെ off-road എണ്ണം ഗണ്യമായി കുറയ്ക്കുക. കി.മീറ്റർ പ്രതി ലിറ്റർ ഡീസൽ ഉപഭോഗം 4.25 എന്നത് 5 ആക്കുക.
10. നിലവിലുള്ള കോർപ്പറേഷൻ വക വസ്തുക്കളിൽ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക.
11. ബസ്സുകളുടെ നിയന്ത്രണത്തിനും കാര്യക്ഷമമായ സർവ്വീസ് ഓപ്പറേഷനും അനുയോജ്യമായ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുക. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക.
12. എല്ലാ വിഭാഗം ജീവനക്കാർക്കും ആധുനിക രീതിയിലുള്ള ട്രെയിനിംഗ് നൽകുക.
13. സാമൂഹ്യ ബാധ്യത ഇനത്തിൽ കോർപ്പറേഷന് ചിലവാകുന്ന തുകയ്ക്ക് ഗവൺമെന്റ് സഹായം നൽകുക.

(signature)

സെക്ഷൻ ഓഫീസർ